കെ. എച്ച്. ആർ. ഡബ്ലിയു. എസ്.-ലെ എത്ര കാഷ്യർ-കം-ക്ലാർക്ക് അധിക ജീവനക്കാർ

127 [5917] ശ്രീ. എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എച്ച്. ആർ. ഡബ്ലിയു. എസ്.-ന്റെ ഹെഡ് ഓഫീസിൽ പേവാർഡ് കീപ്പറിന്റെ ഒഴിവ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഒഴിവ് നികത്തിയിട്ടുണ്ടോ; ഈ ഒഴിവ് നികത്തി പേവാർഡ് ഡ്യൂട്ടിക്കായി നിയമിക്കുമോ;

(ബി) ഹെഡ് ഓഫീസിൽ ജൂനിയർ അസിസ്റ്റന്റ് തസ്തിക നിലവിലുണ്ടോ; ജൂനിയർ അസിസ്റ്റന്റിന്റെ ക്വാളിഫിക്കേഷൻ എന്താണ്; മിനിമം യോഗ്യതയില്ലാത്തവരെ സ്പെഷ്യൽ റൂൾസിന്റെ അടിസ്ഥാനത്തിൽ പേവാർഡിലേക്ക് തിരിച്ചയയ്ക്കുമോ;

(സി) കെ. എച്ച്. ആർ. ഡബ്ലിയു. എസ്.-ൽ എത്ര കാഷ്യർ-കം-ക്ലാർക്ക് തസ്തിക നിലവിലുണ്ട്; എത്ര പേരെ നിയമിച്ചിട്ടുണ്ട്; കാഷ്യർ-കം-ക്ലാർക്ക് ഉദ്യോഗസ്ഥന്മാർ അധികമായി ഉണ്ടോ; ഉണ്ടെങ്കിൽ ഇതേ തസ്തികയിൽ ബയിന്റർ തസ്തികയിലുള്ളവരെ നിയമിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കാഷ്യർ-കം-ക്ലാർക്ക് തസ്തികയിൽ അധിക ജീവനക്കാർ ഉണ്ടെങ്കിൽ അവരെ അവരുടെ പഴയ തസ്തികയിലേക്ക് തിരിച്ചയയ്ക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) കെ. എച്ച്. ആർ. ഡബ്ലിയു. എസ്.-ന്റെ ഹെഡ് ഓഫീസിൽ ജൂനിയർ അസിസ്റ്റന്റിന്റെ തസ്തിക നിലവിലുണ്ട്. സ്പെഷ്യൽ റൂൾ പ്രകാരം ജൂനിയർ അസിസ്റ്റന്റായി നിയമിക്കപ്പെടുന്നവർ ബിരുദധാരികൾ ആയിരിക്കണമെന്നും എം. ഒ. പി., അക്കൗണ്ട് ടെസ്റ്റ് എന്നിവ പാസായിരിക്കണമെന്നും പേവാർഡ് കീപ്പർ ഗ്രേഡ്-1 എന്ന തസ്തികയിൽ രണ്ടു വർഷത്തെ പ്രവർത്തന പരിചയം ഉണ്ടായിരിക്കണമെന്നും വ്യവസ്ഥയുണ്ട്. മേൽപ്പറഞ്ഞ യോഗ്യത ഇല്ലെങ്കിലും ഹെഡ്ഓഫീസിൽ ജോലി ചെയ്ത മുൻ പരിചയത്തിന്റെ അടിസ്ഥാനത്തിൽ ഒഴിഞ്ഞു കിടന്നിരുന്ന ജൂനിയർ അസിസ്റ്റന്റിന്റെ തസ്തികയിൽ ഒരു പേവാർഡ് കീപ്പറെ നിയമിച്ചിട്ടുണ്ട്. നിശ്ചിത യോഗ്യതയുള്ള ആളെ കിട്ടുന്ന മുറയ്ക്ക് ടിയാനെ തിരിച്ചയയ്ക്കുന്നതാണ്.

(സി) ഇപ്പോൾ 12 പേർ കാഷ്യർ-കം-ക്ലാർക്ക് തസ്തികയിൽ ജോലി ചെയ്യുന്നുണ്ട്. അധികമായി ആരും ജോലി ചെയ്യുന്നില്ല. ബയിന്റർ തസ്തികയിൽ ജോലി ചെയ്തിരുന്നയാളെ തസ്തികമാറ്റം വഴി കാഷ്യർ-കം-ക്ലാർക്കായി നിയമിച്ചിട്ടുണ്ട്.

(ഡി) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly